സുനിൽ വർഗ്ഗീസ്, ബാംഗ്ലൂർ

ക്യാൻസർ ബാധിച്ച ഗർഭപാത്രത്തിൽ ജീവൻ തുടിച്ചപ്പോൾ

അനുഭവം

പ്രസിദ്ധ എഴുത്തുകാരനും പ്രഭാഷകനുമായ ഡോ. ഏഴംകുളം സാംകുട്ടിയുടെ 'ഭയപ്പെടേണ്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്' എന്ന് തന്റെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന പ്രൊഫ. സാംസ്ക്കറിയായുടെ അനുഭവത്തിന്റെ നേർക്കാഴ്ച

ഡോ. ഏഴകുളം സാംകുട്ടി

ജനിച്ചതിനുശേഷം സ്വന്തം ജീവിതത്തിലുണ്ടായിട്ടുള്ള നന്മകളെഓർത്താണ് സാധാരണയായി ആളുകൾ ദൈവത്തിന് സ്തുതി കരേറ്റുന്നത്. എന്നാൽ ഞാനാകട്ടെ, ജനിക്കുന്നതിനുമുമ്പ് ദൈവം എനിക്കുവേണ്ടി ചെയ്ത അത്ഭുതങ്ങളെ സ്മരിച്ചുകൊണ്ടും ദൈവത്തെ സ്തുതിക്കാറുണ്ട്.

എന്റെ ജനനത്തിനു മുമ്പുണ്ടായ സംഭവങ്ങൾ പറയാം.

കോട്ടയത്തെ പെരുമ്പെട്ടി സ്വദേശികളാണ് എന്റെ പിതാവും മാതാവും മുണ്ടുതറയിൽ പി.വി. സ്കറിയായും ഏലിയാമ്മയും അന്ന് എന്റെ മാതാപിതാക്കൾക്ക് രണ്ടു കുട്ടികൾ. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. മാതാപിതാക്കൾ മാർത്തോമ്മാ സഭയിൽ സജീവ വിശ്വാസികളായിരുന്നു.

ഒരു ദിവസം (1955ൽ) എന്റെ മാതാവിന് പെട്ടന്ന് ശരീരവേദനയും തളർച്ചയും വല്ലാത്ത ക്ഷീണവും അനുഭവപ്പെട്ടു. ശരീരാസ്വാസ്ഥ്യങ്ങൾ തുടർന്നപ്പോൾ ഡോക്ടറെ കാണാൻ തീരുമാനിച്ചു. പൊതുവെ സ്ത്രീകൾക്ക് ഉണ്ടാകാറുള്ള രോഗങ്ങൾ വിദഗദ്ധമായ ചികിത്സ ലഭിക്കുന്നത് തിരുവല്ലയിലുള്ള സായ്പ്പിന്റെ ആശുപത്രിയിലാണ് എന്നു കേട്ടു.(മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ) അവിടെ തന്നെ പോകാമെന്നു കരുതി.

സായിപ്പിന്റെ ആശുപത്രിയിൽ എത്തി ഉടനെ അഡ്മിറ്റാകണമെന്ന് നിർദ്ദേശിച്ചു അവിടെ എന്തൊക്കെയോ ചികിത്സകൾ ചെയ്തു തുടങ്ങി. വിദഗ്ദ്ധ പരിശോധനകളും ആരംഭിച്ചു. രക്തവും മലമൂത്രാദികളും പരിശോധനയ്ക്ക് വേണ്ടി ശേഖരിച്ചു. ബയോപ്സിയും നടത്തി.

അക്കാലത്ത് പ്രധാന ടെസ്റ്റുകൾ ദൂരെ വലിയ പട്ടണങ്ങളിലുള്ള ഹോസ്പിറ്റൽ ലാബുകളിലാണ് നടത്തിയിരുന്നത് സ്പെസിമെൻസ് അവിടങ്ങളിൽ എത്തിക്കണം. റിസൽട്ട് ലഭിക്കുവാൻ ദിവസങ്ങളും ആഴ്ചകളും കാത്തിരിക്കണം.

ദിവസങ്ങൾ മുന്നോട്ടു നീങ്ങിയെങ്കിലും മാതാവിന്റെ ശാരീരിക ക്ലേശങ്ങൾക്ക് ശമനം ഉണ്ടാകുന്നില്ല. ഒരു മാസത്തോളം അവിടെ കിടന്നു. ഒടുവിൽ രോഗ നിർണ്ണയവുമായി ഡോക്ടർ മാതാവിന്റെ മുറിയിലെത്തി. ഞെട്ടിപ്പിച്ച വാർത്തയായിരുന്നു. അത് യൂട്രസ് ക്യാൻസർ. ഗർഭപാത്രം നീക്കം ചെയ്യണം ഹിസ്റ്റെക്റ്റമി എന്നു മാതാവിന് മുപ്പത് വയസ്സ്.

സർജറിയെപ്പറ്റി പെട്ടന്ന് തീരുമാനത്തിലെത്താൻ കഴിവില്ലാത്ത മാനസിക സ്ഥിതിയിലായിരുന്നു മാതാപിതാക്കൾ

പുനലൂർ പട്ടണത്തിൽ പ്രസിദ്ധനായ ഒരു ഡോക്ടർ ഉണ്ടായിരുന്നു ഭാനുവിലാസം ഹോസ്പിറ്റലിന്റെ സ്ഥാപകൻ ഡോക്ടർ സോമൻ. അദ്ദേഹത്തിന്റെ അഭിപ്രായം കൂടി തേടാൻ പുനലൂർ താമിക്കുന്ന മാതൃസഹോദരൻ നിർബന്ധിച്ചു. മാതൃസഹോദരനോടൊത്ത് മൂന്നാഴ്ച താമസിച്ചു. അവിടെയും പരിശോധനകൾ നടത്തി. ഡോക്ടർ സോമൻ നൽകി മരുന്നുകളൊക്കെ കഴിച്ചു. ഒടുവിൽ സർജറി ഒഴിവാക്കാൻ സാധ്യമല്ലെന്ന് അദ്ദേഹവും അറിയിച്ചു. ഉടനെ തന്നെ സർജറി നടത്തണം. അല്ലാത്തപക്ഷം ക്യാൻസർ മറ്റ് അവയവങ്ങളിലേക്ക് വ്യാപിക്കും. അങ്ങനെ സംഭവിച്ചാൽ മരണം നിശ്ചയം.

വീണ്ടും സായിപ്പിന്റെ ആശുപത്രിയിലെത്തി താമസിയാതെ ഹിസ്റ്റെറെക്റ്റമിയ്ക്ക് വിധേയപ്പെടാൻ തീരുമാനിച്ചതായി ഡോക്ടറെ അറിയിച്ചു.

സർജറി എന്നുകേട്ടാൽ മനുഷ്യർ ഭയപ്പെടുന്ന കാലം സർജറിയ്ക്ക് മുൻപ് രോഗികളെ ബോധം കെടുത്താൻ ഉപയോഗിച്ചിരുന്ന മരുന്നുകൾപോലും പലരുടെയും മരണത്തിന് കാരണമാകുന്ന കാലം ആധുനിക വൈദ്യശാസ്ത്ര സജ്ജീകരണങ്ങൾ ഇല്ലാത്തകാലം അക്കാലത്ത് പലരുടെയും മരണത്തിന് കാരണമാകുന്ന സർജറി ആയിരുന്നു ഹിസ്റ്റെറെക്റ്റമി

എന്റെ മാതാവ് സർജറിയ്ക്കുവേണ്ടി മാത്രമല്ല മരണത്തിനുവേണ്ടിയും തയ്യാറായി തുടങ്ങി. കുറെ ദിവസങ്ങൾ ഭർത്താവിനോടും പിഞ്ചുകുഞ്ഞുങ്ങളോടുമൊത്ത് ചെലവിടുവാൻ തീരുമാനിച്ചു. അതുകഴിഞ്ഞ് തിരുവല്ലയിൽ സർജ്ജറിയ്ക്കുവേണ്ടി പോകാനും ചുരുക്കം ദിവസങ്ങളിലേക്കു മാത്രം അവധി അനുവദിച്ചാണ് ഡോക്ടർ മാതാവിനെ വീട്ടിലേക്ക് വിട്ടത്.

ആ ദിവസങ്ങളിൽ എന്റെ അമ്മച്ചിയുടെ ഭക്തി കൂടുതൽ ശക്തമായി. പെന്തക്കോസ്തു വിശ്വാസികളായ ചില ബന്ധുക്കളും നാട്ടുകാരും വീട്ടിൽ വന്ന് പ്രാർത്ഥിച്ചു തുടങ്ങി.

തന്റെ പിഞ്ചു കുഞ്ഞുങ്ങളെ കാണുമ്പോഴൊക്കെ മാതാവ് പൊട്ടിക്കരയുമായിരുന്നു. അവർ അമ്മയില്ലാതെ വളർന്നുവരേണ്ടിവരുമോ എന്ന തീവ്രമായ ആശങ്കയിൽ ഭവനം മൊത്തം ദുഃഖത്തിന്റെ താഴ്വരയിലായ ദിനങ്ങൾ

അന്നൊരു ദിവസം അമ്മച്ചി കോട്ടയത്തുവച്ചു നടക്കുന്ന ഒരു പെന്തക്കെസ്തു ക്രൂസേഡിനെപ്പറ്റി കേട്ടു. രണ്ട് അമേരിക്കൻ മിഷനറിമാരായിരുന്നു യോഗങ്ങളിൽ പ്രസംഗിച്ചത്. അമ്മച്ചി ഒരു സായാഹ്നത്തിൽ ക്രൂസേഡ് പന്തലിൽ എത്തി. വചന പ്രസംഗത്തിനുശേഷം രോഗശാന്തി ആവശ്യമുള്ളവർ എഴുന്നേറ്റു നിൽക്കുവാൻ മിഷനറിമാർ ആഹ്വാനം നൽകി.

മാതാവ് എഴുന്നേറ്റു നിന്നു തീവ്രമായ പ്രാർത്ഥനയുടെ അന്തരീക്ഷം അപരിചിതമായ ഒരു സ്ത്രീ പിന്നിൽ നിന്നു വന്ന് എന്റെ മാതാവിന്റെ അടിവയറ്റിൽ കൈവച്ച് പ്രാർത്ഥിച്ചു. പെട്ടെന്ന് പരിശുദ്ധാത്മാവിന്റെ ശക്തിയായ ഒരു സ്പർശനം മാതാവിനുണ്ടായി. പെന്തക്കോസ്തിന്റെ അനുഭവം! ഗർഭപാത്രം മാത്രമല്ല അടിവയറുമൊക്കവും ശക്തമായി തുടുക്കുന്ന അനുഭവം. സൗഖ്യമാക്കുന്ന യേശുവിന്റെ കരം തന്നെ തൊട്ടതായി മാതാവിന് അനുഭവപ്പെട്ടു. ഇനി സർജറിക്കുവേണ്ടി തിരുവല്ലയിലേക്കു പോകുന്നില്ലെന്ന് തീരുമാനിച്ചുകൊണ്ടാണ് പന്തലിൽ നിന്ന് വീട്ടിലേക്കു തിരിച്ചത്.

ഭാര്യയുടെ രോഗശാന്തിയിൽ എന്റെ പിതാവാണ് ഏറ്റവും സന്തോഷിച്ചത് എന്നാൽ പുതിയ പെന്തക്കോസ്തു അനുഭവത്തെ പരിശുദ്ധാത്മ നിറവിന്റെ അനുഭവത്തെ സംശയത്തോടുകൂടിയാണ് അദ്ദേഹം വീക്ഷിച്ചത്. ഭാര്യ പെന്തക്കോസ്തു സഭയുമായി സ്ഥിരമായി ഒരു ബന്ധം സ്ഥാപിക്കുന്നതിനോട് അദ്ദേഹത്തിന് താത്പര്യമില്ലായിരുന്നു.

മാസങ്ങൾ അധികം മുമ്പോട്ടു നീങ്ങുന്നതിനുമുമ്പേ എന്റെ പിതാവിന്റെ സമീപനങ്ങളിൽ മാറ്റം വന്നു തുടങ്ങി. പരിശുദ്ധാത്മാവിന്റെ നിറവ് മിഥ്യയല്ലെന്ന് അദ്ദേഹം ഗ്രഹിച്ചുതുടങ്ങി.

കുറെക്കാലം കഴിഞ്ഞ് എന്റെ മാതാവ് വീണ്ടും ഗർഭവതിയായി അറുത്തുമാറ്റികളയണമെന്ന് വിദഗ്ധരായ ഡോക്ടർമാർ വിധി എഴുതിയ ഗർഭപാത്രത്തിലാണ് ഒരു ആൺകുഞ്ഞ് ജന്മംകൊണ്ടത്. ഒൻപതുമാസം കഴിഞ്ഞപ്പോൾ(1958) എന്റെ മാതാവ് ആരോഗ്യമുള്ള ഒരു ശിശുവിനെ പ്രസവിച്ചു. മാതാപിതാക്കളുടെ മൂന്നാമത്തെ കുട്ടി. എന്റെ അത്ഭുത ജനനത്തിന്റെ പശ്ചാത്തലം ഇതാണ്.

എന്റെ ജനനത്തിനുശേഷം വീണ്ടും 35 വർഷങ്ങൾകൂടി അമ്മച്ചി ആരോഗ്യവതിയായി ജീവിച്ചു.1993ൽ 68-ാമത്തെ വയസ്സിൽ അമ്മച്ചി മരണമടഞ്ഞു. ഹൃദയാഘാതമായിരുന്നു കാരണം. അമ്മച്ചിയുടെ അവസാന വർഷങ്ങളിൽ ഡയബറ്റിസ് ഉണ്ടാക്കിയ ചില അസ്വാസ്ഥ്യങ്ങൾ സഹിക്കേണ്ടിവന്നു. എന്നാൽ 1955നുശേഷം ഗർഭപാത്രസംബന്ധമായ അസ്വാസ്ഥ്യങ്ങൾ അമ്മച്ചിയെ പീഢിപ്പിച്ചിട്ടില്ല. കോട്ടയത്തുവച്ച് നടന്ന ക്രൂസേഡിൽ വച്ച് ക്യാൻസർ എന്നന്നേക്കുമായി അപ്രത്യക്ഷപ്പെടുകയായിരുന്നു.

കേടുപിടിച്ചെന്നു ഡോക്ടർമാർ വിധി എഴുതിയ ഗർഭപാത്രത്തിൽ രൂപംകൊണ്ട എന്നെ ഇന്നയോളം കേടുകൂടാതെ പരിപാലിച്ചു.

ബാല്യം മുതൽ യുവജനപ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുവാൻ ദൈവം സഹായിച്ചു. അനവധി ജീവകാരുണ്യ സംരംഭങ്ങൾക്കും നേതൃത്വം നൽകിയിട്ടുണ്ട്. കുറെ വർഷങ്ങൾ സദ്ദാർത്ത മാസികയുടെ എഡിറ്ററായി സേവനം അനുഷ്ഠിച്ചു. ഇടയിക്കിടെ ആത്മീയ ലേഖനങ്ങൾ എഴുതാറുണ്ട്.

ഏതാനും വർഷങ്ങളായി ഞാൻ മുംബൈ നഗരത്തിലുള്ള വിൽസൺ കോളജിൽ പൊളിറ്റിക്കൽ സയൻസ് വകുപ്പിൽ പ്രൊഫസറായി ജോലി ചെയ്യുന്നു. കോളേജിന്റെ വൈസ് പ്രിൻസിപ്പൽ എന്ന നിലയിലും സേവനം അനുഷ്ഠിക്കുന്നു., ഇപ്പോൾ പി.എച്ച്.ഡി ബിരുദത്തിനുവേണ്ടിയുള്ള പ്രബന്ധം തയ്യാറാക്കുക്കൊണ്ടിരിക്കുകയാണ്.

എനിക്കു ലഭിച്ചിട്ടുള്ള എല്ലാ നന്മകളുടെയും ഉറവിടം എന്റെ മാതാവിനെ 1955ൽ സ്പർശിച്ച പരിശുദ്ധാത്മാവാണ് ആ ദിവ്യശക്തിയെ എന്റെ മാതാവിനും പകർന്നുകൊടുത്ത ക്രിസ്തുവിനെ പ്രസാദിപ്പിക്കുക മാത്രമാണ് എന്റെ ജീവിതത്തിന്റെ ലക്ഷ്യം. ക്രിസ്തുവിന്റെ വ്യക്തിപരമായി എന്റെ രക്ഷകനായി സ്വീകരിച്ചപ്പോഴാണ് ജീവതത്തിന് ഒരു ലക്ഷ്യബോധം കൈവന്നത് ദൈനംദിനം ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം അനുഭവിക്കുന്ന ഒരു വിശ്വാസിയാണ് ഞാൻ. തന്മൂലം ഒരിക്കലും ഞാൻ ശൂന്യതാബോധത്തിൽ നിപതിച്ചിട്ടില്ല. ക്രിസ്തുവിലാണ് എന്റെ അസ്തിത്വം. ക്രിസ്തു ശാശ്വതമായ ഒരു പാറയാണ്. അതുകൊണ്ടാണ് ഇന്ന് ചില വിദ്യാസമ്പന്നരെ അലട്ടുന്ന അസ്തിത്വവ്യഥയും എനിക്ക് ഒരു പ്രശ്നമായിട്ടില്ല.